# പള്ളിക്കൂദാശക്കാലം
## വചന വിചിന്തനം
### പള്ളികൂദാശക്കാലം : മൂന്നാം ഞായർ
### യോഹ 2,13–22

"ദേവാലയം അശുദ്ധിയുടെ ലക്ഷണമാകുന്നത്
ഒരു സമൂഹം മുഴുവൻ നശിച്ചതിന്റെ ലക്ഷണമാണ്!"
ചൂഷിതവലയത്തിൽ നിന്നും ദരിദ്രരെ രക്ഷിക്കാൻ
ഇനിയും ക്രിസ്തു ചാട്ടവാറുമായി അവതരിക്കേണ്ടിയിരിക്കുന്നു...

ദേഹം
ദേവാലയമാണ്!
ഹൃദയം
ആത്മീയത വറ്റിയ
വെറും
ചന്തയാക്കരുത്!
ചന്ത
വിലപേശലുകളുടെയും
അന്യായങ്ങളുടെയും
ഇടമാണ്...

സമൂഹത്തിന്റെ മനഃസാക്ഷിയുടെ കാവൽ പുരയാണ് ദേവാലയം. വ്യക്തിജീവിതത്തിന്റെയും സമൂഹജീവിതത്തിന്റെയും ജീർണതകൾ പരിഹരിച്ച് ജനത്തിന് സത്യത്തിന്റെയും നിത്യജീവിതത്തിന്റെയും വഴികാണിക്കാൻ ഓരോ ദേവാലയവും വിളിക്കപ്പെട്ടിരിക്കുന്നു. ഇരുട്ടിൽ വെളിച്ചമായും അസത്യത്തിൽ സത്യമായും മരണത്തിൽ നിത്യജീവനായും നിലയുറപ്പിക്കേണ്ടതാണ് ഓരോ ദേവാലയവും. എന്നാൽ, ജറുസലേം ദേവലായത്തിൽ ക്രിസ്തു ചാട്ടവാറെടുക്കുന്നു. കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്നവരെയും നാണയം മാറ്റാനി രിക്കുന്നവരെയും ദേവാലയത്തിൽ കാണുന്ന അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും കാളകളോടുംകൂടെ ദേവാലയത്തിൽനിന്നു പുറത്താക്കുന്നു. നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്യുന്നു. പ്രാവുകളെ വിൽക്കുന്നവരോട് അവൻ കൽപി ക്കുന്നു, ഇവയെ ഇവിടെ നിന്ന് എടുത്തുകൊണ്ടു പോകുവിൻ എന്ന്. അവസാനം എല്ലാത്തിനും പര്യവസാനം എന്ന നിലയിൽ ക്രിസ്തു പറയുന്നു;

"എൻെറ പിതാവിൻെറ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്. അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും" (യോഹ 2,16–17).

ഏശയ്യ പ്രവാചകൻ ക്രിസ്തുവിനെ കുറിച്ച് പറയുന്നത് ഇപ്രകാരമാണ്; "ഇതാ, ഞാൻ തിരഞ്ഞെടുത്ത എൻെറ ദാസൻ; എൻെറ ആത്മാവു പ്രസാദിച്ച എൻെറ പ്രിയപ്പെട്ടവൻ! ഞാൻ അവൻെറ മേൽ എൻെറ ആത്മാവിനെ അയയ്ക്കും; അവൻ വിജാതീയരെന്യായവിധി അറിയിക്കും. അവൻ തർക്കിക്കുകയോ ബഹളംകൂട്ടുകയോ ഇല്ല; തെരുവീഥികളിൽ അവൻെറ ശബ്ദം ആരും കേൾക്കുകയില്ല. നീതിയെ വിജയത്തിലെത്തിക്കുന്നതുവരെ അവൻ ചതഞ്ഞ ഞാങ്ങണ ഒടിക്കുകയില്ല; പുകഞ്ഞതിരി കെടുത്തുകയില്ല. അവൻെറ നാമത്തിൽ വിജാതീയർ പ്രത്യാശവയ്ക്കും" (മത്താ 12,18–21). തർക്കിക്കുകയോ ബഹളം കൂട്ടുകയോ ചെയ്യാത്തവൻ ക്രുദ്ധനാകുന്നു... "ശാന്തശീലർ ഭാഗ്യവാൻമാർ; അവർ ഭൂമി അവകാശമാക്കും..." (മത്താ 5.5) എന്നു പറഞ്ഞവന്റെ കൈയിൽ ചാട്ടവാർ പുളയ്ക്കുന്നു! "വിനീത ഹൃദയൻ..." എന്ന് സ്വയം പരിചയപ്പെടുത്തിയൻ ധാർഷ്ട്യം നിറഞ്ഞവനെപ്പോലെ പെരുമാറുന്നു.

എന്തുകൊണ്ടാണ് ക്രിസ്തു ഇത്രമാത്രം വികാരാധീതനാകുന്നത്? കാരുണ്യം പ്രസംഗിച്ചവന്റെ കണ്ണുകൾ കനൽ പോലെ കത്തുന്നത്? ഇതി

നുള്ള ഉത്തരം ക്രിസ്തു തന്നെ പഴയനിയമത്തിലെ പുറപ്പാട് പുസ്തകത്തിലൂടെ മോശയ്ക്ക് നൽകുന്നുണ്ട്;

"കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം... കോപിക്കുന്നതിൽ വിമുഖൻ... സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ...തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ... എന്നാൽ, കുറ്റവാളിയുടെ നേരേ കണ്ണടയ്ക്കാതെ പിതാക്കൻമാരുടെ കുറ്റങ്ങൾക്കു മക്കളെയും മക്കളുടെ മക്കളെയും മൂന്നും നാലും തലമുറയോളം ശിക്ഷിക്കുന്നവൻ!" (പുറ 34,6-7).

മനുഷ്യന് തന്റെ ജീവിതപ്രതിസന്ധികളിൽ ഉത്തരം സമ്മാനിക്കേണ്ട, ദൈവം വസിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ ഇടം, ദേവാലയം ഇന്ന് കവർച്ചക്കാരുടെ ഇടമായിരിക്കുന്നു! ജറുസലേം ദേവാലയത്തിന്റെ മഹത്വം മനസിലാകണമെങ്കിൽ ദിനവൃത്താന്തത്തിന്റെ രണ്ടാം പുസ്തകത്തിൽ സോളമൻ രാജാവ് ദൈവത്തിന് വേണ്ടി ദേവലയം നിർമ്മിച്ച് പ്രതിഷ്ഠ നടത്തുന്ന രാത്രിയിൽ ദൈവം പ്രത്യക്ഷപ്പെട്ട് സോളമനോട് പറയുന്നത് ശ്രദ്ധിച്ചാൽ മതി;

"രാത്രി കർത്താവ് സോളമനു പ്രത്യക്ഷനായി പറഞ്ഞു: ഞാൻ നിന്റെ പ്രാർഥന കേട്ടിരിക്കുന്നു. എനിക്ക് ബലിയർപ്പിക്കാനുള്ള ആലയമായി ഈ സ്ഥലം ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. ഞാൻ മഴ തരാതെ ആകാശം അടയ്ക്കുകയോ ദേശത്തെ കൃഷി നശിപ്പിക്കുവാൻ വെട്ടുകിളിയെ നിയോഗിക്കുകയോ എന്റെ ജനത്തിനിടയിൽ മഹാമാരി അയയ്ക്കുകയോ ചെയ്യുമ്പോൾ, എന്റെ നാമം പേറുന്ന എന്റെ ജനം എന്നെ അന്വേഷിക്കുകയും തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർഥിക്കുകയും തങ്ങളുടെ ദുർമാർഗങ്ങളിൽനിന്നു പിൻതിരിയുകയും ചെയ്താൽ, ഞാൻ സ്വർഗത്തിൽനിന്ന് അവരുടെ പ്രാർഥന കേട്ട് അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സമ്പുഷ്ടമാക്കുകയും ചെയ്യും. ഇവിടെ നിന്നുയരുന്ന പ്രാർഥനകൾക്കുനേരേ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും. എന്റെ നാമം ഇവിടെ എന്നേക്കും നിലനിൽക്കേണ്ടതിന് ഞാൻ ഈ ആലയം തിരഞ്ഞെടുത്തു വിശുദ്ധീകരിച്ചിരിക്കുന്നതിനാൽ, എന്റെ ഹൃദയപൂർവമായ കടാക്ഷം സദാ ഇതിൻമേൽ ഉണ്ടായിരിക്കും" (2 ദിന 7,11-18).

> കർത്താവിന്റെ ഭവനത്തെ കവർച്ചക്കാരുടെ ഗുഹയാക്കിയ വേദനയാണ് ക്രിസ്തുവിനെ ചാട്ടവാറെടുപ്പിച്ചത്!

ഇത്രമാത്രം ശ്രേഷ്ഠത നിറഞ്ഞ ദേവലയത്തിലാണ് 'ദരിദ്രനെ സഹായിക്കാൻ' എന്നുള്ള ലേബലിൽ കവർച്ചയും കൊള്ളിവയ്പ്പും നടന്നിരുന്നത്. ഇത് ക്രിസ്തുവിനെ ക്രുദ്ധനാക്കുന്നു. "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന് പറഞ്ഞവനും" (മത്താ 12,7), "ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്" (ഹോസി 6,6) എന്നു പറഞ്ഞവനും വിചാരത്തെക്കാൾ വികാരത്തിന് വഴിമാറി പോകുന്നതിൽ അൽഭുതമില്ല! എന്തുമാത്രം ശ്രദ്ധയോടും കരുണയോടും സ്നേഹത്തോടും കൂടെയാണ് പുരോഹിതൻ ദേവാലയത്തിലെത്തുന്ന ജനങ്ങളുടെ മുറിവുകൾ വച്ച് കെട്ടേണ്ടത്. എന്നിട്ടും, പ്രവാചകനോ, പുരോഹിതനോ, ലേവായനോ അന്യായ ലാഭത്തിൽ ആർത്തിപൂണ്ടല്ലാതെ ഒരു വ്യക്തിയെപ്പോലും സമീപിക്കുന്നില്ല എന്നത് ക്രിസ്തുവിനെ ക്രുദ്ധനാക്കുന്നു. മുറിവുണക്കേണ്ടവൻ "ചെരങ്ങ് ചൊറിയാക്കി" മാറ്റുന്നു! മുറിവിന് സൗഖ്യം തേടി ദേവാലയത്തിലെത്തുന്ന

വർ വിങ്ങിപഴുത്ത മുറിവുകളുമായി മറ്റ് ഇടങ്ങളിലേയ്ക്ക് യാത്രയാകുന്നത് ക്രിസ്തുവിനെ ചാട്ടവാറെടുപ്പിക്കുന്നവനാക്കുന്നു.

പൗലോസ്ശ്ലീഹായുടെ ശരീരത്തെ കുറിച്ചുള്ള കാഴ്ച്ചപ്പാട്, "ശരീരം ദേവാലയമാണ്!" (1 കോറി 6,19). ശരീരത്തെകുറിച്ച് ഇത്രയും സുന്ദരമായ കാഴ്ച്ചപ്പാട് പൗലോസ്ശ്ലീഹ സമ്മാനിക്കുന്നുണ്ടെങ്കിൽ അതിനുള്ള അടിസ്ഥാനം ശ്ലീഹായ്ക്ക് ലഭിക്കുന്നത് വി.യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽ നിന്നാണ്.

"ക്രിസ്തു പറഞ്ഞു: നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും. യഹൂദർ ചോദിച്ചു: ഈ ദേവാലയം പണിയുവാൻ നാൽപത്താറു സംവത്സരമെടുത്തു. വെറും മൂന്നു ദിവസത്തിനകം നീ അതു പുനരുദ്ധരിക്കുമോ? എന്നാൽ, അവൻ പറഞ്ഞത് തൻെറ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്" (യോഹ 2,19-21).

ദൈവത്തിന്റെ ചായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യൻ, സൃഷ്ടാവായ ദൈവത്തിന്റെ മഹത്വത്തിന് നിരക്കാത്തതൊന്നും സ്വന്തം ശരീരത്തിൽ സംഭവിച്ചുകൂട എന്നുള്ള തിരിച്ചറിവ് കൂടി സമ്മാനിക്കുന്നതാണ് വചനഭാഗം. "ക്ഷേത്രമായ ശരീരത്തെ സത്രംപോലെ കൈകാര്യം ചെയ്യരുത്" എന്നുള്ള ശക്തമായ താക്കിതാണ് ക്രിസ്തു സമ്മാനിക്കുന്നത്. ക്രിസ്തു ദൈവം വസിക്കുന്ന ദേവാലയം ശുദ്ധികരിക്കുന്നു. ഇന്ന് ഇത്തരുണത്തിലുള്ള ശുദ്ധീകരണത്തിന്റെ പ്രസക്തി കൂടി വന്നിട്ടെയൊള്ളു! കൈയിൽ ചാട്ടവാറുമായി നിൽക്കുന്ന ക്രിസ്തുവിനെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സഭാജീവിതത്തിലും ശുദ്ധികരിക്കേണ്ട മേഖലകൾ തിരിച്ചറിഞ്ഞ് ക്ഷണിക്കേണ്ടിയിരിക്കുന്നു. ജീർണ്ണതകൾ ബാധിച്ച ജീവിത മേഖലകൾ നിരിച്ചറിഞ്ഞ് കയറുകൊണ്ടുള്ള ചാട്ടവാറിന് പകരം ഇരുമ്പുകൊണ്ടുള്ള ചാട്ടവാറ് ക്രിസ്തുവിന് സമ്മാനിക്കാൻ സാധിക്കണം.

ജറുസലേം ദേവാലയത്തിന്റെ ദുരവസ്ഥ "ദൈവത്തിനായ് തുറന്നിടേണ്ട വാതിൽ വേറെ മറ്റു പലർക്കുമായി തുറന്നിട്ടുടട എന്നതാണ്...

"കരുണാമയനായ ക്രിസ്തുവിന്റെ മുഖം" ഇതാണ് ഇന്ന് ഏവർക്കും "കാർക്കശക്കാരനായ ക്രിസ്തുവിന്റെ മുഖത്തേക്കാൾ" ഇഷ്ടം. പക്ഷെ, ജീവിതത്തിൽ അടിസ്ഥാനം പുലർത്തേണ്ട മുല്യങ്ങളോട് എപ്പോഴും പുലർത്തേണ്ടത് കാർക്കശ്യം തന്നെയാണ്!

" ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ കാത്തുകൊള്ളുവിൻ.
ചഞ്ചലചിത്തരോട് അനുകമ്പ കാണിക്കുവിൻ.
അഗ്നിയിൽ അകപ്പെട്ടവരെ പിടിച്ചുകയറ്റുവിൻ."

യൂദാ 1,19-21

ഫാ. ജോബി മേനോത്ത്
+91 944 7777 931